(v) സെൻറ് ജോർജ്ജ് കോളേജ് ഏറണാകുളം.

(vi) സെൻറ് തെരീസാസ് കോളേജ് ഏറണാകുളം.

(സി) ഗവൺമെണ്ട് ടി കോളേജധികൃതരോട് തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്യുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ ഇല്ല.

(ഇ) ഈ ചോദ്യം ഉദിക്കുന്നില്ല.

LAND POLICY COMMITTEE

***212** [5] **Sri. D. Gnanasigamoni :** Will the Hon'ble Minister for Finance and Revenue be pleased to state the total amount of expenses incurred by Government on the Land Policy Committee?

Minister for Finance and Revenue **(Sri. A. J. John):**

Rs. 28,631—0—4.

DEPOSIT IN THE CREDIT BANK

***213** [6] **Sri. N. D. Jos:** Will the Hon'ble Minister for Finance be pleased to state:—

(*a*) the amount deposited by the Government in the Credit Bank, by way of debenture loans or otherwise ;

(*b*) the rate of interest ;

(*c*) the amount borrowed by the Government from the Credit Bank ;

(*d*) the rate of interest on such loan?

Minister for Finance and Reveue **(Sri. A. J. John) :**

(*b*) Government have invested a sum of Rs. 10 lakhs in the Debentures (1960—70) issued by the Credit Band and Rs. 11 lakhs under Fixed Deposits.

(*b*) The debentures carry interest at 4% per annum; and the deposits, 4 lakhs at 4% and 7 lakhs at 3% per annum.

(*c*) No amount has been borrowed.

(*d*) Does not arise in view of the answer to part (c) of the question.

ടി. ബി. ക്ലിനിക്കു്

* ൨൯൪. (൨) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഒൺഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കോട്ടയത്തു ടി. ബി. ക്ലിനിക്കു് സ്ഥാപിച്ചതു് വിദഗ്ദ്ധോപദേശം വാങ്ങിയിട്ടാണോ;

(ബി) ആരായിരുന്നു വിദഗ്ദ്ധനെന്നു പറയാമോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അതേ.

(ബി) ഇൻഡ്യാ ഗവൺമെണ്ടിലെ ക്ഷയരോഗ ഉപദേഷ്ടാവായ Dr. P. V. Benjamin.

വില്ലന നികുതി

* ൨൯൫. (൨൨) സാഹിബ് ബഹദൂർ എ. മഹമ്മദു മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വില്ലന നികുതി സമ്പ്രദായം ഭേദഗതിചെയ്യ സിംഗിൾ പോയിൻറിൽ നികുതി ഈടാക്കുവാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതു എപ്പോൾമുതൽ നടപ്പിൽ വരുമെന്നു പ്രസ്താവിക്കാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഈ സംഗതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കയാണു്.

(ബി) നിവൃത്തിയില്ല.

ടാക്സിന്മേൽ ടാക്സ്

*൨൯൫. (൨൨൭) സാഹിബ് ബഹദൂർ എ. മുഹമ്മദു മൂസ്സഹാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ,—

(എ) വില്പന നികുതി ഇടാക്കി ഗവൺമെണ്ടിലേക്കു അടയ്ക്കുമ്പോൾ വ്യാപാരികൾ ആ തുകക്കു് വീണ്ടും ടാക്സ് കൊടുക്കണമെന്നുള്ള ഒരു സംമ്പ്രദായം ഇപ്പോൾ നിലവിലുള്ളതായി ഗവൺമെണ്ടിനറിയാമോ;

(ബി) വില്പന നികുതി നിയമത്തിലെ ഏതു വകുപ്പിനെ അടിസ്ഥാനമാക്കിയാണു് ടാക്സിനു ടാക്സ് ഈടാക്കുന്നതെന്നു പ്രസ്താവിക്കുമോ;

(സി) ഈ തുക വ്യാപാരികൾ എങ്ങനെ ഈടാക്കണമെന്നാണു് ഗവൺമെണ്ടുദ്ദേശിക്കുന്നതു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അറിയാം.

(ബി) വില്പന നികുതി ചട്ടം ൭—ാം വകുപ്പു് അനുസരിച്ചു്.

(സി) ഈ തുക പിരിക്കുന്നതിനുള്ള വൈഷമ്യങ്ങളും മറ്റും ഒഴിവുമാക്കി ചട്ടം ഭേദഗതി ചെയ്യുന്നതാണു്. അതിനുള്ള നടപടി ചട്ടം പരസ്യപ്പെടുത്തി കഴിഞ്ഞിട്ടുണ്ടു്.

റവന്യൂബോർഡു്

*൨൯൬. (൨൨൯) സാഹിബ് ബഹദൂർ എ. മുഹമ്മദു മൂസ്സഹാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ—കൊച്ചി റവന്യൂ ബോർഡിൽ ആറു രൂപക്കു് മേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണമെത്ര;

(ബി) അവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ൨൯.

(ബി)

നായന്മാർ	൫
ഈഴവർ	൩
റോമൻ സിറിയൻ	൨
ലത്തീൻ ക്രസ്ത്യൻ	൧
മാർത്തോമ	൧
തമിഴ ബ്രാഹ്മണൻ	൨
സാരസ്വത ബ്രാഹ്മണൻ	൧
മറ്റു ഹിന്തു വെള്ളാള	൧
ആകെ	൨൯

LIBRARY ARCHIVES Kerala Legislative Assembly